# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3414** **10.12.2018-ൽ മറുപടിയ്ക്ക്**

## മാനന്തവാടി മണ്ഡലത്തിൽ മത്സ്യ കൃഷി നാശം

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിന്റെ ഭാഗമായി മത്സ്യ കൃഷിക്ക് നാശം സംഭവിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മാനന്തവാടി മണ്ഡലത്തിലെ പ്രളയ കാലത്തെ മത്സ്യ കൃഷിക്ക് നേരിട്ട നാശനഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br>സി) മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ സഹായത്താൽ മത്സ്യ കൃഷി നടത്തിയ കർഷകർക്ക് പ്രളയത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | ബി) യും സി) യും മാനന്തവാടി നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതിയിൽ 762 മത്സ്യകർഷകരുടെ 41.92 ഹെക്ടർ (നാല്പത്തി ഒന്ന് ഹെക്ടർ 9.2 ആർ) പ്രദേശത്തെ കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയം മൂലം ഉണ്ടായ കൃഷി നാശം ജില്ലാ ഓഫീസ് മുഖാന്തിരം വിലയിരുത്തുകയും നാശത്തിന്റെ കണക്കുകൾ കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി വയനാട് ജില്ലാ ഭരണകൂടത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കർഷകരുടെ കൃഷിയിടം നന്നാക്കുവാനുള്ള ശുപാർശയും നൽകിയിട്ടുണ്ട്. പ്രളയാനന്തരം മത്സ്യകൃഷി പുനരാരംഭിക്കുന്നതിന് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം, ബ്ലൂറവല്യൂഷൻ എന്നീ പദ്ധതിയിലെ വിവിധ ഘടകപദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 762 മത്സ്യകർഷകർക്ക് മത്സ്യവിത്ത് വിതരണവും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**